പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1097</u> <u>2.03.2017-ൽ മറുപടിയ്ക്ക്</u>

## <u>മലയോര ഹൈവേ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീ.പി.വി.അൻവർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മലയോര ഹൈവേ പ്രോജക്ടിൽ മലപ്പുറം ജില്ലയിൽ എത്ര കിലോ മീറ്റർ റോഡാണ് നിർമ്മിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; ഈ റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) മലയോര ഹൈവേ പ്രോജക്ടിൽ മലപ്പുറം ജില്ലയിൽ 109 കി.മീ. റോഡാണ് നിർമ്മിക്കുന്നത്. അരണിപ്പുഴ – വാണിയപ്പുഴ – മുണ്ടേരി - പോത്തുകല്ല് - പാലുണ്ട എടക്കര – കരുളായി - പൂക്കോട്ടുംപാടം - കാളികാവ് - കിഴക്കേത്തല – തരിശ് - കണ്ടോട – പുൽവെട്ട – കരിങ്കല്ലത്താണി - പൊൻപാറ റോഡും, പൂക്കോട്ടുംപാടം - വെളിയംതോട്-കക്കാടംപൊയിൽ റോഡും ഡി.പി.ആർ തയ്യാറാക്കുന്നതിന് സർക്കാർ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പാലുണ്ട-പോത്തുകല്ല് 10 കി.മീറ്റർ റോഡിന് ആവശ്യമായ ഡി.പി.ആർ. നാറ്റ്പാക് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനടി നടപടി സ്വീകരിക്കുമോ? | (ബി) പാലുണ്ട – പോത്തുകല്ല് റോഡ് 10 കി.മീ. ഡി.പി.ആർ തയ്യാറാക്കുന്നതിന് നാറ്റ്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ